എച്ച്. വി.(1)7004/2008.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 19.08.2009

# സർക്കുലർ നമ്പർ 43/2009.

വിഷയം: പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ വായ്പകൾക്ക് പലിശ ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന: 1) ഐ.സി.ഡി.പി അഡീഷണൽ രജിസ്ട്രാറുടെ 28.5.2009 ലെ പരിശോധനാ റിപ്പോർട്ട്.
2) ബഹുമാനപ്പെട്ട സഹകരണ വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷത യിൽ 29.5.2009 ൽ കൂടിയ യോഗ തീരുമാനം.

പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ വായ്പക്കാരിൽ നിന്നും അമിത പലിശ ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ താഴെ പറ യുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജോയിന്റ് രജിസ്ട്രാർമാർ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ വിശദമായി പരിശോധന നടത്തി ഓരോ ഇടപാടുകാരിൽ നിന്നും അമിതമായി തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ഒരു മാസത്തിനകം തിരിച്ചുനൽകാൻ നടപടി സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് 2 മാസത്തിനകം സഹകരണ സംഘം രജിസ്ട്രാർക്കു നൽകേണ്ടതുമാണ്.
2) ഹൗസിംഗ് സഹകരണ സംഘങ്ങൾ ഈടാക്കിയ പലിശ സംബന്ധിച്ച്, ആഡിറ്റർമാർ പരിശോധിച്ച് അധിക പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ അത് സസ്പെൻസിലേക്ക് മാറ്റി വായ്പക്കാർക്ക് തിരികെ നൽകുന്നതിനോ, വായ്പ അവസാനിപ്പിക്കാത്ത പക്ഷം പ്രസ്തുത വായ്പയിൽ വരവ് വയ്ക്കുന്നതിനോ നിർദ്ദേശം നൽകേണ്ടതാണ്.
3) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ യാതൊരു കാരണവശാലും കൂട്ടുപലിശ ഈടാക്കാൻ പാടുള്ളതല്ല.
4) ഏതെങ്കിലും സംഘം കൂടുതൽ പലിശ എടുത്തതായി പരാതിയുണ്ടെങ്കിൽ ജോയിന്റ് രജിസ്ട്രാർക്ക് നേരിട്ട് പരാതി നൽകാവുന്നതാണ്.
5) പ്രാഥമിക സഹകരണ സംഘങ്ങൾ ഈടാക്കുന്ന പലിശ, പിഴപലിശ, അനാമത്ത് ചെലവുകൾ എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കൾക്കുള്ള പരാതികൾ ഫെഡറേഷന് നേരിട്ട് അയച്ചുകൊടുക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ടി പരാതികൾ ഫെഡറേഷൻ ഒരു മാസത്തിനകം പരിഹരിച്ച് ആയതിന്റെ റിപ്പോർട്ട് എല്ലാ മാസവും സഹകരണ സംഘം രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാരും സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനും കർശനമായി പാലിച്ചിരിയ്ക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർമാരും, താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർമാരും ഈ നിർദ്ദേശങ്ങൾ എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
റാണി ജോർജ്ജ്.ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ.**

1) എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.
2) എല്ലാ ആഡിറ്റ് വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും.
3) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, കലൂർ, കൊച്ചി, എറണാകുളം.
4) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ ആന്റ് ആഡിറ്റ്).
5) എഡിറ്റർ, സഹകരണ വീഥി.
6) എഡിറ്റർ, സഹകരണ ജേർണൽ.
7) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
8) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുടെ മേശപ്പുറത്ത്.
9) എല്ലാ സെക്ഷൻ തലവൻമാർക്കും.
10) സ്റ്റോക്ക് ഫയൽ.

**//ആജ്ഞാനുസരണം//**

**അസിസ്റ്റന്റ് രജിസ്ട്രാർ(എച്ച്.വി/എം.റ്റി) ഇൻ ചാർജ്ജ്.**